"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-എഞ്ചിനീയറിംഗ് വിഭാഗം-ജീവനക്കാര്യം-അസിസ്റ്റന്റ് എൻജിനീയറായ ശ്രീ.നന്ദകുമാർ.ആർ. ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2766/2022/LSGD തീയതി,തിരുവനന്തപുരം, 10-11-2022

പരാമർശം:-

1) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21/06/2013 ലെ ഇ3-9000/09/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

2) 22.09.2022 ലെ സ.ഉ.(സാധാ)നം.2303/2022/തസ്വഭവ

3) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20/10/2022 ലെ ഇ3-11808/2021/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

4) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20.10.2022 ലെ ഇ3-11808/2021/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (2) പ്രകാരം അസിസ്റ്റന്റ് എൻജിനീയറായ ശ്രീ.നന്ദകുമാർ.ആർ. ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടിയാൻ വിജയിച്ച വകുപ്പുതല പരീക്ഷയുടെ അവസാന തീയതി 7/12/2020 എന്ന് രേഖപ്പെടുത്തിയിരുന്നത് തെറ്റായാണെന്നും, കോവിഡ് സാഹചര്യം മൂലം പി.എസ്.സി. പരീക്ഷകൾ മാറ്റി വയ്ക്കുകയും, 2020 ജൂലൈ മാസത്തിലെ വകുപ്പുതല പരീക്ഷകളുടെ അവസാന തീയതി 16.01.2021 മാറിയിട്ടുണ്ടെന്നും ആയത് മനപൂർവ്വമല്ലാത്ത വീഴ്ചയായിക്കണ്ട് ഉത്തരവിൽ ആവശ്യമായ മാറ്റം വരുത്തണമെന്നും ചീഫ് എഞ്ചിനീയർ പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) പരാമർശം (1) മുഖേന തദ്ദേശസ്വയംഭരണ വകുപ്പിൽ അസി.എഞ്ചിനീയറായി സ്ഥാനക്കയറ്റം ലഭിക്കുകയും, 24.06.2013 -ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്ത ശ്രീ.നന്ദകുമാർ.ആർ, അസി.എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കാലയളവിൽ നിർബന്ധമായും പാസ്സാകേണ്ട വകുപ്പുതല പരീക്ഷ പാസ്സായിരുന്നില്ല. ടിയാൻ നിശ്ചിത യോഗ്യത ആർജിച്ച വകുപ്പുതല പരീക്ഷയുടെ അവസാന തീയതി 16.01.2021 ആണ്. ആയതിനാൽ, 17.01.2021 പൂർവ്വാഹ്നത്തിൽ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിനായി പ്രൊബേഷൻ കാലയളവ് 18.01.2021 അപരാഹ്നം വരെ ദീർഘിപ്പിച്ച് നൽകേണ്ടതായിട്ടുണ്ട്. പ്രൊബേഷൻ കാലയളവിൽ ടിയാൻ ഒരു തരത്തിലുള്ള അവധികളും വിനിയോഗിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ടിയാന്റെ പ്രൊബേഷൻ കാലയളവ് പരാമർ ശം ( 3 ) പ്രകാരം 23.06.2016 അപരാഹ്നം വരെ ദീർഘിപ്പിക്കുകയും തുടർന്ന്, ടിയാന്റെ പ്രൊബേഷൻ കാലയളവ് 18.01.2021 അപരാഹ്നം വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം ( 4 ) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൻ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് മറ്റ് തരത്തിൽ അർഹനാണ് എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ.നന്ദകുമാർ.ആർ. ന്റെ അസി.എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കാലയളവ് 24.06.2016 പൂർവ്വാഹ്നം മുതൽ 18.01.2021 അപരാഹ്നം വരെ 1958 ലെ കെ.എസ്&എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

4) ഇതിനാൽ പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

1. ശ്രീ.നന്ദകുമാർ.ആർ, അസി.എഞ്ചിനീയർ (*തദ്ദേശ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

**Signed by Subha S**
**Date: 10-11-2022 15:20:58**
സെക്ഷൻ ഓഫീസർ